"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം- തിരുവനന്തപുരം എസ്.യു.റ്റി സ്കൂൾ ഓഫ് നേഴ്സിംഗ് - ജി.എൻ.എം കോഴ്സ് - സീറ്റ് വർദ്ധനവിനുള്ള നിരാക്ഷേപ പത്രം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.428/2025/H&FWD തീയതി, തിരുവനന്തപുരം, 18-12-2025

---

പരാമർശം:- 1. സ.ഉ (അ) നം. 64/2012/ആ.ക.വ തീയതി 17.02.2012.

2. എസ്.യു.റ്റി സ്കൂൾ ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ 18.12.2024 ൽ സമർപ്പിച്ച അപേക്ഷ.

3. കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാറുടെ 31.07.2025, 02.09.2025, 18.10.2025 തീയതികളിലെ ജി.318/04/എൻ.സി നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പട്ടത്ത് പ്രവർത്തിക്കുന്ന എസ്.യു.റ്റി സ്കൂൾ ഓഫ് നേഴ്സിംഗിൽ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് സീറ്റുകളുടെ എണ്ണം 40 - ൽ നിന്നും 60 ആയി വർദ്ധിപ്പിക്കുന്നതിനുള്ള നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് പ്രിൻസിപ്പൽ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി സ്ഥാപനത്തിൽ പരിശോധന നടത്തി കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രാർ, 18.10.2025- ൽ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ ജി.എൻ.എം സീറ്റുകൾ 60 ആയി വർദ്ധിപ്പിക്കുന്നതിന് സ്ഥാപനം പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് സ്കൂളുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിശോധന റിപ്പോർട്ടിലെ വസ്തുതകളുടെയും കെ.എൻ.എം.സി രജിസ്ട്രാറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ പട്ടം എസ്.യു.റ്റി ഹോസ്പിറ്റൽ മാതൃ ആശുപത്രിയായി പ്രവർത്തിക്കുന്ന എസ്.യു.റ്റി സ്കൂൾ ഓഫ് നേഴ്സിംഗ് എന്ന സ്ഥാപനത്തിൽ ജനറൽ നേഴ്സിംഗ് & മിഡ്വൈഫറി കോഴ്സ് സീറ്റുകൾ 40 ൽ നിന്നും 60 ആയി 2026-27 അധ്യയന വർഷം പ്രാബല്യത്തിൽ ഉയർത്തുന്നതിന് ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് സ്കൂളുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ/കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ

പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ബി) ജി.എൻ.എം സീറ്റുകൾ സർക്കാർ മെറിറ്റ് /മാനേജമെന്റ് എന്നിങ്ങനെ വിഭജനത്തിന് വിധേയമായിരിക്കും. സർക്കാർ മെറിറ്റ് സീറ്റുകളിലേക്കുള്ള അഡ്മിഷൻ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ നടത്തപ്പെടും.

സി) ജി.എൻ.എം കരിക്കുലം, നേഴ്സിംഗ് സ്കൂളിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ഡി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ഇ) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate) എന്നിവ നേടിയതിന് ശേഷം മാത്രം വർദ്ധിപ്പിച്ച സീറ്റുകളിലേയ്ക്ക് വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
പ്രിൻസിപ്പൽ, എസ്.യു.റ്റി സ്കൂൾ ഓഫ് നേഴ്സിംഗ്, പട്ടം, തിരുവനന്തപുരം.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെൻറർ, പ്ലോട്ട് നം2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ (C3/535/2024-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 18-12-2025 15:22:40
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.